**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1783** **08-10-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റ് വാഹനങ്ങളുടെ ഫിറ്റ്നസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിസന്ധി കാരണം ടൂറിസം മേഖലയിലെ ടാക്സി വാഹനങ്ങൾ ഫിറ്റനസ് ടെസ്റ്റ് നടത്തിയിട്ടില്ലാത്ത കേസുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലാവധി ആറ് മാസത്തേക്ക് ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (എ) | കോവിഡ്-19 ഏൽപ്പിച്ച ആഘാതത്തിൽ നിന്നും മോചിതമാകാത്ത ഗതാഗത മേഖലയിലെ വിവിധ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ആശ്വാസ നടപടികളുടെ ഭാഗമായി മോട്ടോർ വാഹന നിയമം, ചട്ടങ്ങൾ അനുസരിച്ച് കാലാവധി പുതുക്കേണ്ടതായ രേഖകൾ (documents) എന്നിവ 30.9.2021 മുതൽ ആറുമാസത്തേക്ക് പുതുക്കാനുള്ള നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ട് MoRTH വകുപ്പ് മന്ത്രിയ്ക്ക് കത്തയച്ചിരുന്നു. RT-11036/35/2020-MVL dtd.30.09.2021 നമ്പർ കത്ത് പ്രകാരം കേന്ദ്ര ഗതാഗത വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം 01/02/2020 – ന ശേഷം കാലാവധി അവസാനിക്കുന്ന, വാഹന സംബന്ധമായ എല്ലാ രേഖകൾക്കും 31/10/2021 വരെ സാധുതയുള്ളതായി പരിഗണിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിൽ നിന്നും ലഭ്യമാകുന്ന എല്ലാ സേവനങ്ങൾക്കും പ്രസ്തുത നിർദ്ദേശം ബാധകമാണ്. |

സെക്ഷൻ ഓഫീസർ